കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — കുഴൽമന്ദം ഗ്രാമപഞ്ചായത്ത് - 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7), 3(6), 3(4) 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.1399/16/തസ്വഭവ. തിരുവനന്തപുരം, തീയതി:1/04/2016

പരാമർശം:-

1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13070/15 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/11/2015-ലെ L.F.8625/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(7) പ്രകാരം തിരുനെല്ലായി പമ്പ് ഹൗസ് തടയണ നിർമ്മാണത്തിനായി ചെലവഴിച്ച 13,923/-രൂപ, ഖണ്ഡിക 3(6) പ്രകാരം വെള്ളപ്പാറ ശുദ്ധജല വിതരണ പദ്ധതിയുടെ അഡീഷണൽ പമ്പിംഗിന് അനുവദിച്ച 16,059/-രൂപ, ഖണ്ഡിക 3(4) പ്രകാരം കുഴൽക്കിണർ റിപ്പയർ ചെയ്യുന്നതിനായി ചെലവഴിച്ച 12,398/-രൂപ, 2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(8 എ) പ്രകാരം തിയ്യങ്കോട്ടുകര മിനി കുടിവെള്ള പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഈടാക്കേണ്ട ഗുണഭോക്തൃ വിഹിതം ഈടാക്കാത്തത് സംബന്ധിച്ച് തടസ്സപ്പെടുത്തിയ 19,998/രൂപ, ഖണ്ഡിക 3(8 ബി) പ്രകാരം ഗുണഭോക്തൃവിഹിതം ഈടാക്കാതെ പുല്ലുപ്പാറ-പോത്തൻകോട് കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിലൂടെ ഉണ്ടായ 17,392/-രൂപ, ഖണ്ഡിക 3-15 പ്രകാരം കാഞ്ഞിരംകോട് പൈപ്പലൈൻ ദീർഘിപ്പിക്കുന്നതിലൂടെ ഗുണഭോക്തൃ വിഹിതം ഈടാക്കാത്തത് കാരണം തടസ്സപ്പെടുത്തിയ 1,189/-രൂപ, 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം പട്ടികജാതി വനിതകൾക്ക് കാറ്ററിംഗ് പരിശീലനം നൽകിയതിലൂടെ 23,000/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്,ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത പ്രവൃത്തി മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടില്ലെന്നും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിന്റെ 11/11/2014 ലെ സാധാരണ യോഗത്തിലെ 8ാം നമ്പർ തീരുമാനത്തിന്റെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ക്രമീകരിയ്ക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ

തീരുമാനമെടുക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 2002-03 വർഷത്തിൽ ഖണ്ഡിക 3(7), 3(6), 3(4) എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 2003-2004 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8(എ),3-8(ബി),3-15 എന്നിവ പ്രകാരമുള്ള നഷ്ടം ഭരണതല നടപടിയിലൂടെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 2005-2006 വർഷത്തെ ഖണ്ഡിക 3.5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(7) പ്രകാരം ചെലവഴിച്ച 13,923/-(പതിമൂന്നായിരത്തി തൊള്ളായിരത്തി ഇരുപത്തി മൂന്ന് രൂപ മാത്രം) രൂപ, ഖണ്ഡിക 3(6) പ്രകാരം ചെലവഴിച്ച 16,059/-(പതിനാറായിരത്തി അമ്പത്തിയൊമ്പത് രൂപ മാത്രം) രൂപ, ഖണ്ഡിക 3(4) പ്രകാരം ചെലവഴിച്ച 12,398/-(പന്ത്രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപ, 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം തടസ്സപ്പെടുത്തിയ 23,000/-(ഇരുപത്തിമൂന്നായിരം രൂപ മാത്രം) രൂപ എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സിദ്ധാർത്ഥൻ.എസ്

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

സെക്രട്ടറി, കുഴൽമന്ദം ഗ്രാമപഞ്ചായത്ത്, പാലക്കാട്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ